# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 68 — 27/04/2017-ൽ മറുപടിയ്ക്ക്.

## <u>മിൽക്ക് ഷെഡ് വികസന പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ഡി.കെ മുരളി<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.എസ്. രാജേന്ദ്രൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ ലക്ഷ്യങ്ങൾ അറിയിക്കുമോ ; | (എ) മിൽക്ക് ഷെഡ് പദ്ധതിയുടെ(2017-18 ) ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• കൂടുതൽ കർഷകരെ ക്ഷീരോല്പാദന മേഖല, ഒരു തൊഴിലായി സ്വീകരിയ്ക്കുന്നതിന് പ്രോൽസാഹിപ്പിയ്ക്കുക.<br>• കാലി വളർത്തലിൽ ശാസ്ത്രീയ പരിചരണ മാർഗ്ഗങ്ങൾ സ്വീകരിയ്ക്കുന്നതിന് കർഷകരിൽ അവബോധം സൃഷ്ടിക്കുക<br>• ക്ഷീരോല്പാദനം ഒരു ഉപജീവനമാർഗ്ഗമായും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ഗ്രാമീണ മേഖലയിലെ യുവജനങ്ങളേയും വനിതകളേയും പ്രേരിപ്പിക്കുക.<br>• ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പ്രചോദനമായി ഇൻസെന്റീവ് നൽകുക |

- കൂടുതൽ കർഷകരെയും സംരംഭകരേയും സ്വയംസഹായ സംഘങ്ങളേയും ക്ഷീരമേഖലയിലേക്ക് കൊണ്ടുവരിക
- ഉപജീവനത്തിന് വേണ്ടിയുള്ള ക്ഷീരോല്പാദന പ്രവർത്തനങ്ങളിൽ നിന്നും സാങ്കേതിക സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോല്പാദനത്തിലേക്ക് ക്ഷീരകർഷകരെ പ്രാപ്തരാക്കുക
- ഉല്പാദന ക്ഷമതയുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക
- ഭാവിയിലേക്ക് മെച്ചപ്പെട്ട കന്നുകാലികളെ ഉറപ്പാക്കുന്നതിന് കിടാരി പരിപാലനം പ്രോൽസാഹിപ്പിക്കുക
- ക്ഷീരോല്പാദന മേഖലയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക വത്ക്കരണത്തിനായി സാമ്പത്തിക സഹായം നൽകുക. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനും ഉൽപാദനക്ഷമതയ്ക്കും ഉതകുന്ന രീതിയിലുള്ള കന്നുകാലി ഷെഡ്ഡുകളുടെ നിർമ്മാണം
- കറവയന്ത്രങ്ങൾക്കുള്ള ധനസഹായം.
- ആധുനിക സാങ്കേതിക വിദ്യകൾ ക്ഷീര കർഷകർക്ക് പകർന്നു നൽകുന്നതിന് വനിതാ കന്നുകാലി

ക്ഷേമ പ്രവർത്തകരെ നിയോഗിക്കുക.

- ഉപഭോക്താക്കൾക്ക് ഗുണമേന്മയും സുരക്ഷിതവുമായ പാൽ ഉറപ്പാക്കുക.

(ബി) ക്ഷീരോല്പാദനം ലാഭകരമായ ഉപജീവനമാർഗ്ഗമാക്കുന്നതിനായി നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ;

(ബി) ക്ഷീരോല്പാദനം ലാഭകരമായ ഉപജീവനമാർഗ്ഗമാക്കുന്നതിന് ക്ഷീരവികസന വകുപ്പ് പ്രധാനമായും താഴെ പറയുന്ന ധനസഹായങ്ങളാണ് നൽകി വരുന്നത്.

1. മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായവും കറവയന്ത്രം വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും സഹായങ്ങൾ നൽകി വരുന്നു.
2. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 20,000/- രൂപ വരെ ധനസഹായം നൽകുകയും കൂടാതെ തരിശു സ്ഥലങ്ങൾ കണ്ടെത്തി ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വാശ്രയ ഗ്രൂപ്പുകൾക്കും പുൽകൃഷി ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു.
3. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് ക്ഷീര കർഷകർക്ക്

ഒരു ലിറ്റർ പാലിന് 3 രൂപ വരെ ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

4. ക്ഷീര കർഷക ക്ഷേമനിധി മുഖാന്തിരം പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, ചികിൽസാധനസഹായം, മരണാനന്തര ധനസഹായം വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയവ നൽകി വരുന്നു.
5. ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യമാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സഹായകരമായ പദ്ധതികളും നടപ്പിലാക്കി വരുന്നു.

ക്ഷീരോൽപ്പാദനം ലാഭകരമാക്കിത്തീർക്കുന്നതിനു വേണ്ടി മിൽമയുടെ മേഖലാ യൂണിയനുകളും വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) ക്ഷീരവികസനത്തിനും ഈ മേഖലയിലെ യന്ത്രവൽകരണത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(സി) ക്ഷീരവികസന രംഗത്ത് തൊഴിലാളികളുടെ അഭാവവും വർദ്ധിച്ച കൂലിച്ചെലവും കണക്കിലെടുത്ത് യന്ത്രവത്ക്കരണത്തിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി കറവയന്ത്രം, ആട്ടോമാറ്റിക് വാട്ടർബൗൾ, ജനറേറ്റർ, സ്പ്രിംഗ്ളർ, സോളാർ വാട്ടർ ഹീറ്റർ, ചാഫ് കട്ടർ, ഫാൻ, വീൽബാരോ, മോട്ടോർ, ബൾക്ക് കൂളർ, എയർകംപ്രസർ, പാക്കിംഗ്

മെഷീൻ, ക്രീം സെപ്പറേറ്റർ, ആട്ടോമാറ്റിക് ഷെഡ് ക്ലീനിംഗ് ഉപകരണങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകി വരുന്നു.

ക്ഷീരസഹകരണ സംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുമായി എല്ലാ ക്ഷീരസംഘങ്ങളിലും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു.

മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരോല്പാദന സംഘങ്ങൾക്ക് കമ്പ്യൂട്ടർവൽക്കരണം, ആട്ടോമാററിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, കെട്ടിട നിർമ്മാണം, ബി.എം.സി (ബൾക്ക് മിൽക്ക് കൂളർ യൂണിറ്റ്) സ്ഥാപിക്കൽ, കർഷകർക്ക് ആട്ടോമാറ്റിക് ഡ്രിങ്കിംഗ് ബൗളുകൾ നൽകൽ, യന്ത്രവൽകൃത കറവയന്ത്രങ്ങൾ നൽകൽ, എന്നിവയ്ക്കായി ധനസഹായം നൽകി വരുന്നുണ്ട്. ക്ഷീര സംഘങ്ങളെയും ഡയറികളെയും ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ് , പാൽ സൊസൈറ്റികളിലെ അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ എന്നീ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. .

(ഡി) ക്ഷീരകർഷകർക്കായുള്ള ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

(ഡി) സംസ്ഥാനത്ത് ക്ഷീരകർഷകരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ക്ഷീരകർഷകരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ക്ഷീരകർഷക ക്ഷേമനിധി മുഖാന്തിരം പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, ചികിൽസാ ധനസഹായം, മരണാനന്തര ധനസഹായം വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയവ നൽകി വരുന്നു. സംസ്ഥാനത്തെ ക്ഷീരകർഷകർക്കായി സമഗ്ര ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.